**POLICE** **KERALA** **DEPARTMENT**

**No. G1-62818/2019/MM**
District Police Office,
Malappuram
✉spmpm.pol@kerala.gov.in
✆04832734983
Dated. 02-02-2021

**ലേല വിളംബരം**

**മലപ്പുറം ജില്ലാ പോലീസ് മേധാവി, കേരള പോലീസ് ആക്ട് 2011 സെക്ഷന് 56 GO(P)No.60/2018 dated 11.09.2018 എന്നിവ പ്രാകാരം പുറപ്പെടുവിക്കുന്നത്**

മലപ്പുറം ജില്ലയിലെ ഇടവണ്ണ പോലീസ് സ്റ്റേഷൻ പരിസരത്ത് സ്റ്റേഷൻ ഓഫീസറുടെ ഉത്തരവാദിത്വത്തിൽ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്ന പ്രകാരം അവകാശികൾ ഇല്ലാത്തതും, നിലവിൽ അന്വേഷണാവസ്ഥയിലോ,കോടതി വിചാരണയിലോ/പരിഗണനായിലോ ഇല്ലാത്തതുമായ 25 വാഹനങ്ങൾ സൂക്ഷിച്ചുവരുന്നുണ്ട്. ഈ വാഹഹനങ്ങളിൽ ആർക്കെങ്കിലും അവകാശവാദം ഉന്നയിക്കാനുണ്ടെങ്കിൽ ഈ വിളംബരം പ്രസിദ്ധപ്പെടുത്തുന്ന തിയ്യതി മുതൽ 15 ദിവസത്തിനകം ബന്ധപ്പെട്ട സ്റ്റേഷൻ ഹൌസ് ഓഫീസർ മുമ്പാകെ ഹാജരായി മതിയായ രേഖകൾ സഹിതം ഏതെങ്കിലും ആൾ തന്റെ ഉടമാവകാശം സ്ഥാപിക്കുകയും ,അയാൾക്ക് അതിന്റെ അവകാശം ഉണ്ടെന്നു ബോധ്യപ്പെടുന്ന പക്ഷം ആയതിന്റെ പിടിച്ചെടുക്കലിനും സൂക്ഷിപ്പിനും നിശ്ചയിക്കപെട്ട ഫീസ് ഈടാക്കിയതിനു ശേഷം അത് വിട്ടുകൊടുക്കാൻ ഉത്തരവാകുന്നതാണ് . നിശ്ചിത കലാവധിക്കുള്ളിൽ രേഖാപരമായി അവകാശവാദം ഉന്നയിക്കാത്തപക്ഷം ഈ വാഹനങ്ങൾ അവകാശികളില്ലാത്ത വാഹനനങ്ങളായി പരിഗണിച്ച് കേരള പോലീസ് ആക്ട് 2011 സെക്ഷൻ 56 GO(P) No.60/2018 dated 11.09.2018 എന്നിവ പ്രകാരം 27.11.2020 തിയ്യതി 03.03.2021 തിയ്യതി എംബി ഓഡിറ്റോറിയം തിരുവാലിയിൽ വച്ച പരസ്യമായ പൊതുലേലം വഴി സർക്കാരിലേക്ക് മുതൽകൂട്ടാൻ ഇടവണ്ണ സ്റ്റേഷൻ ഹൌസ് ഓഫീസറെ ഇതിനാൽ ചുമതലപ്പെടുത്തുന്നു .

**ലേല നിബന്ധനകൾ**

1.പട്ടികയിൽ നിർദേശിക്കപ്പെട്ടിട്ടുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനിലെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഉത്തമ വിശ്വാസത്തിലും നൽകിയതായതിനാൽ, ഈ വിളംബരത്തിലെ ഏതെങ്കിലും പിശകിനോ, തെറ്റായ പ്രസ്താവനക്കോ, ഉപേക്ഷക്കോ ജില്ലാ പോലീസ് മേധാവിയോ, മറ്റ് പോലീസ് ഉദ്യോഗസ്ഥരോ ഉത്തരവാദികളല്ലാതാകുന്നതും അവരുടെ പ്രവർത്തികൾ 2011 ലെ കേരള പോലീസ് ആക്ട് (2011-ലെ 8) 13- മത് വകുപ്പ് പ്രകാരം സംരക്ഷിക്കപ്പെടുന്നതാണ്.

2)ലേലത്തിൽ പങ്കെടുക്കണ്ടെങ്കിൽ വ്യക്തികൾ/സ്ഥാപനങ്ങൾ ലേലം വിളിക്കാനുള്ള വാഹനങ്ങളുടെ മൊത്തം മൂല്യത്തിന്റെ 25 % തുക നിരത ദ്രവ്യമാക്കി കെട്ടി വെക്കേണ്ടതാണ്

3) ലേലം വിളിച്ച വ്യക്തികൾ/സ്ഥാപനങ്ങൾ ലേല തുകയുടെ 50 % ലേല ദിവസം തന്നെ ജില്ലാ പോലീസ് മേധാവിയുടെ " 00000030905936970 ( IFS Code SBIN0008659, Malappuram Branch ) എന്ന എസ്ബിഐ കറണ്ട് അക്കൗണ്ട് നമ്പരിൽ അടവാക്കേണ്ടതും ബാക്കി 50% തുക തുടർന്നുള്ള 15 ദിവസത്തിനുള്ളിൽ അടവാക്കേണ്ടതുമാണ്. 15 ദിവസത്തിനുള്ളിൽ ബാക്കി 50% തുക അടക്കാത്ത പക്ഷം ലേലം അസ്ഥിരപെടുത്താനും അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടാനുമുള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും

4)ലേലം കൊണ്ട വ്യക്തികൾ/സ്ഥാപനങ്ങൾ മൊത്തം ലേല തുകയുടെ 18 % GST അടക്കേണ്ടതും I % സെസ്സും ( ബാധകമാണെങ്കിൽ) 15 ദിവസത്തിനുള്ളിൽ നേരിട്ട് അടച്ചശേഷം രസീതി പോലീസ് സ്റ്റേഷനിൽ ഏൽപ്പിക്കേണ്ടതാണ് .

5)ലേലം വിളിയുടെ തുകയിലോ, ലേലം വിളിക്കുന്നവരുടെ കാര്യത്തിലോ തർക്കം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉചിതമാണെന്ന് കാണുന്ന പക്ഷം ലേല നടപടികൾ പുന:രാരംഭിച്ച് നടത്താൻ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും

6) ഉയർന്ന ലേലം വിളി നടത്തുന്നയാൾ ലേലത്തിൽ ഉൾപ്പെട്ട ഏതെങ്കിലും ഇനത്തിന്റെ ക്രേതാവ് ആണെങ്കിലും, അങ്ങിനെ വിളിച്ച് ഉയർന്ന തുക പ്രകടമായി അപര്യാപ്തമാണെന്ന് തോന്നുകയാണെങ്കിൽ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആ തുക നിരാകരിക്കുന്നതിനുള്ള വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.

7)ലേലം ചെയ്ത ഇനത്തിൽപ്പെട്ട വസ്തുക്കളുടെ കാര്യത്തിൽ ഓരോ ഇനത്തിന്റെയും വില വിൽപ്പന സമയത്തോ, ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നതുപോലെ ഉടനടി നൽക്കേണ്ടതും, ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ പുനർലേലം ചെയ്ത് വിൽപ്പന നടത്തുന്നതുമാണ്

8)ലേലം കൊണ്ട വ്യക്തികൾ/സ്ഥാപനങ്ങൾ ഡെലിവറി ഓർഡർ കൈപ്പറ്റിയശേഷം 15 ദിവസത്തിനുള്ളിൽ വാഹനങ്ങൾ സ്വന്തം ചെലവിൽ വാഹനങ്ങൾ നിൽക്കുന്ന സ്ഥലത്ത് നിന്നും പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്.

9)മറ്റേതെങ്കിലും സാഹചാര്യത്തിൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം ലേലം മാറ്റിവയ്ക്കാനോ അസ്ഥിരപ്പെടുത്താനോഉള്ള

അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും
10)ലേലത്തിന് വരുന്നവർ കോവിഡ് 19 മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതാണ്

വാഹനങ്ങളുടെ വിവരം

| SL No | PS | Reg. No | Type of Vehicle | Place | Condition of Vehicle | Scrap Value |
|---|---|---|---|---|---|---|
| 1 | EDAVANNA | KL-03-B-8054 | TATA 407 LMV GC | STATION PREMISES | SCRAP | 12000 |
| 2 | EDAVANNA | KL-13-R-2524 | BAJAJ 3W GC | STATION PREMISES | SCRAP | 1000 |
| 3 | EDAVANNA | KL-10-AA-6123 | MAHINDRA LMV GC | STATION PREMISES | SCRAP | 6000 |
| 4 | EDAVANNA | KL-40-A-9824 | NOT FOUND | STATION PREMISES | SCRAP | |
| 5 | EDAVANNA | KL-11-U-7341 | EICHER LGV TIPPER | STATION PREMISES | SCRAP | 23000 |
| 6 | EDAVANNA | KL-10-Q-6870 | NOT FOUND | STATION PREMISES | SCRAP | 1000 |
| 7 | EDAVANNA | KL-10-L-2064 | BAJAJ 3 WHEELER PVT | STATION PREMISES | SCRAP | 1000 |
| 8 | EDAVANNA | KL-10-B-608 | TATA MGV GC | STATION PREMISES | SCRAP | 8500 |
| 9 | EDAVANNA | KL-18-A-728 | BAJAJ 3 WHEELER PASS | STATION PREMISES | SCRAP | 1500 |
| 10 | EDAVANNA | KL-12-A-4838 | BAJAJ 3 WHEELER PASS | STATION PREMISES | SCRAP | 1500 |
| 11 | EDAVANNA | KL-11-T-7357 | MAHINDRA LGV TIPPER | STATION PREMISES | SCRAP | 11000 |
| 12 | EDAVANNA | KL-10-N-3158 | BAJAJ 3 WHEELER PVT | STATION PREMISES | SCRAP | 1000 |
| 13 | EDAVANNA | KL-07-N-9878 | TATA LGV | STATION PREMISES | SCRAP | 11000 |
| 14 | EDAVANNA | KL-35-8121 | BAJAJ 3 WHEELER PASS | STATION PREMISES | SCRAP | 2000 |
| 15 | EDAVANNA | KL-35-D-8764 | TATA ACE LGC | STATION PREMISES | SCRAP | 6000 |
| 16 | EDAVANNA | KL-09-T-6511 | EICHER MGV TIPPER | STATION PREMISES | SCRAP | 20000 |
| 17 | EDAVANNA | KL-59-G-7051 | TATA ACE MAGIC M CAB | STATION PREMISES | SCRAP | 7500 |
| 18 | EDAVANNA | KL-11-E-8816 | TATA 407 LMV GC | STATION PREMISES | SCRAP | 9000 |
| 19 | EDAVANNA | KL-12-A-8073 | BAJAJ 3 WHEELER PASS | STATION PREMISES | SCRAP | 1200 |
| 20 | EDAVANNA | KL-05-B-937 | TATA LGV | STATION PREMISES | SCRAP | 15000 |

| | | | | | | |
|---|---|---|---|---|---|---|
| 21 | EDAVANNA | KL-61-8432 | TATA ACE LGC | STATION PREMISES | SCRAP | 7000 |
| 22 | EDAVANNA | KL-10-T-8203 | BAJAJ 3 WHEELER PASS | STATION PREMISES | SCRAP | 1500 |
| 23 | EDAVANNA | KL-12-A-2896 | 3 WHEELER PASS | STATION PREMISES | SCRAP | 1500 |
| 24 | EDAVANNA | KL-10-H-3666 | TATA 407 LMV GC | STATION PREMISES | SCRAP | 8000 |
| 25 | EDAVANNA | KL-13-V-6491 | BAJAJ 3 WHEELER GC | STATION PREMISES | SCRAP | 1500 |

മേൽ പട്ടികയിലെ വാഹനങ്ങൾ പരിശോധിക്കണം എന്നുള്ളവർക്ക് രാവിലെ 10മണിമുതൽ വൈകീട്ട് 5 മണി വരെയുള്ള സമയത്ത്  ബന്ധപ്പെട്ട സ്റ്റേഷൻ ഹൌസ് ഓഫീസറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്

Abdul Karim U IPS
District Police Chief

To : കേരളാ സംസ്ഥാന പോലീസ് മേധാവിക്ക് ഉപരിപത്രം സഹിതം അറിവിലേക്കായി പോലീസ് അഡീഷൻ ഡയറക്ടർ ജനറൽ (ഇന്റലിജൻസ്) ഉപരിപത്രം സഹിതം അറിവിലേക്കായി. പോലീസ് ഇൻസെക്ടർ ജനറൽ,എസ്.സി.ആർ.ബി ഉപരിപത്രം സഹിതം അറിവിലേക്കും പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി . പോലീസ് ഇൻസെക്ടർ ജനറൽ,ഉത്തരമേഖല,കോഴിക്കോട് ഉപരിപത്രം സഹിതം അറിവിലേക്കായി. ഡെപ്യൂട്ടി പോലീസ് ഇൻസെക്ടർ ജനറൽ,തൃശ്ശൂർ റേഞ്ച്,തൃശ്ശൂർ ഉപരിപത്രം സഹിതം അറിവിലേക്കായി. ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,ജില്ലാ പബ്ലിക് റിലേഷൻ ഓഫീസ്,മലപ്പുറം ഉപരിപത്രം സഹിതം മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി

Copy To : എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും അറിവിലേക്കും വിപുലമായ പരസ്യത്തിനുമായി . അസ്സിസ്റ്റൻറ് കമാണ്ടൻറ് ,ഏ.ആർ ക്യാമ്പ് ,മലപ്പുറം അറിവിലേക്കും അനന്തരനടപടിക്കുമായി , ജില്ലയിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും വിപുലമായ പരസ്യം നൽകുന്നതിനുമായി. വെബ് അഡ്മിൻ പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി